പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം

283 (4274) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കെതിരെ അക്രമം നടത്തിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ട്; അതിൻമേൽ എത്ര പരാതികൾക്കാണ് വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുള്ളത്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ ;

(ബി) പാലക്കാട് ജില്ലയിൽ സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേർന്നു; 31-10-2014-ലെ കണക്ക് പ്രകാരം വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത സമിതിയ്ക്ക് മുമ്പാകെ വന്ന കേസുകളിൽ എത്ര എണ്ണത്തിന് വിശദമായ അന്വേഷണത്തിന് ഉത്തരവ് നൽകി; വിശദാംശം നൽകാമോ;

(ഡി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ)പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (അതിക്രമം തടയൽ) ചട്ടങ്ങൾ പ്രകാരമുള്ള സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അതിക്രമങ്ങൾക്ക് ഇരയായവർക്കുള്ള ധനസഹായം, പുനരധിവാസം, നിയമം നടപ്പിലാക്കുന്നതിന്റെ പുരോഗതി എന്നിവയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വവും വിലയിരുത്തുന്നു. പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം സംബന്ധിച്ച വ്യക്തിഗത പരാതികൾ സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി ജില്ലകളിൽ യോഗം ചേരുന്നില്ല. പാലക്കാട് ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി 2014 -ൽ 3 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

(സി) പാലക്കാട് ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മുൻപാകെ വന്ന 4 കേസ്സുകളിൽ 1 കേസ്സിൽ വിശദമായ അന്വേഷണത്തിന് ഉത്തരവ് നൽകി. മീനാക്ഷിപുരത്തെ സിന്തിൽ കൗണ്ടൽ തോട്ടത്തിൽ താമസിച്ചു വന്നിരുന്ന മണിമേഘല 13 വയസ്സുള്ള പെൺകുട്ടി പീഡനത്തിന് ഇരയായി മരണമടഞ്ഞ കേസ്സാണ് ഇത്. ഈ കുട്ടിയുടെ കുടുംബത്തിന് നഷ്ടപരിഹാരമായി 1,87,500 രൂപ വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കേസ് അന്വേഷണ ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം 1989 കർശനമായി നടപ്പാക്കാൻ പോലീസ് അധികൃതർക്ക് സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയിൽ ബഹു. മുഖ്യമന്ത്രിയും, സതേൺ സോണൽ കൗൺസിൽ യോഗത്തിൽ ചീഫ് സെക്രട്ടറിയും നിർദ്ദേശം നൽകിയിട്ടുണ്ട്. നോഡൽ ഓഫീസറുടെ ത്രൈമാസ അവലോകനയോഗത്തിൽ അതിക്രമം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ അവലോകനം നടത്തുകയും അതിക്രമം തടയുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകളിലെ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളോത്സവം

284 (4275) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളോൽസവത്തിലെ പങ്കാളിത്തക്കുറവ് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളോൽസവങ്ങളിൽ എത്ര പേർ പങ്കാളികളായെന്ന് വർഷം അടിസ്ഥാനപ്പെടുത്തി ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) സംസ്ഥാന തല കേരളോൽസവങ്ങളിൽ പങ്കെടുത്തവർക്ക് പി.എസ്.സി. നിയമനത്തിന് വെയിറ്റേജ് മാർക്ക് കൊടുക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) സംസ്ഥാനതല കേരളോൽസവങ്ങളിൽ പങ്കെടുത്തവർക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികൾ വെയിറ്റേജ് മാർക്ക് കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരളോത്സവത്തിന്റെ പ്രാഥമിക തലങ്ങളിൽ കലാമത്സര വിഭാഗത്തിൽ ആണ് പങ്കാളിത്തകുറവ് വന്നിട്ടുള്ളത്. ദേശീയ യുവോത്സവ ഇനങ്ങളായ വീണ, കഥക്, മണിപ്പൂരി, ഒഡീസി, സിത്താർ, ഹാർമോണിയം, വായ്പ്പാട്ട് തുടങ്ങിയ ഇനങ്ങളിലും ഇതേ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ദേശീയ യുവോത്സവ ഇനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രാഥമിക തലത്തിൽ മത്സരിച്ച് വിജയിക്കുന്നവരോടൊപ്പം മറ്റ് മത്സരാർത്ഥികൾക്ക് ജില്ലാതലത്തിൽ നേരിട്ട് രജിസ്റ്റർ ചെയ്ത് മത്സരിക്കാൻ അവസരം ഒരുക്കിയിട്ടുണ്ട്. ഇതുമൂലം പങ്കാളിത്തം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly